**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കോഴിക്കോട് നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധന – ടൗൺ പ്ലാനിംഗ് സെക്ഷനിൽ യു.ഡി.ക്ലാർക്കായിരുന്ന ശ്രീ. അബ്ദുൾ ജബ്ബാറിനെതിരായ അച്ചടക്കനടപടി- അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1275/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 07.05.2018

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28.09.2012 തീയതിയിലെ ഇ 12(വി.ഇ. 10/2010/എൻആർകെ)28149/2010 നം. കത്ത്

2.സർക്കാരിന്റെ 07.07.2017 തീയതിയിലെ 10823/ഇയു2/2016/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. ശ്രീ. അബ്ദുൾ ജബ്ബാർ സമർപ്പിച്ച 15.09.2017 തീയതിയിലെ പ്രതിവാദപത്രിക.

4. നഗരകാര്യഡയറക്ടറുടെ 26.02.2018 തീയതിയിലെ വി2-7559/2014 നമ്പർ കത്ത്

## ഉത്തരവ്

കോഴിക്കോട് നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടിന്റെയടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ടി നഗരസഭയിലെ ടൗൺ പ്ലാനിംഗ് സെക്ഷനിൽ യു.ഡി.ക്ലാർക്കായിരുന്ന ശ്രീ. അബ്ദുൾ ജബ്ബാറിനെതിരെ പരാമർശം 2 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയതിന് ശ്രീ. അബ്ദുൾ ജബ്ബാർ പരാമർശം 3 പ്രകാരം പ്രതിവാദപത്രിക സമർപ്പിച്ചിട്ടുണ്ട്.

2. ശ്രീ. അബ്ദുൾ ജബ്ബാർ സമർപ്പിച്ച പ്രതിവാദപത്രിക വിശദമായി പരിശോധിച്ചു. ശ്രീ. അബ്ദുൾ ജബ്ബാറിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരിക്കുന്നത് KCS (CC&A) Rule 15 പ്രകാരമാണ് എന്നതിനാൽ പ്രസ്തുത ചട്ടത്തിലെ 15 (b) പ്രകാരമുള്ള അന്വേഷണം നടത്തേണ്ടതുണ്ട്.

3. ഈ സാഹചര്യത്തിൽ അബ്ദുൾ ജബ്ബാറിനെതിരെ കണ്ടെത്തിയ ക്രമക്കേടുകളിൽ വിശദമായ അന്വേഷണം നടത്തി 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോഴിക്കോട് ജോയിന്റ് ഡയറക്ടർ(ഇൻ ചാർജ്)നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ജോയിന്റ് ഡയറക്ടർ, കോഴിക്കോട് മേഖല ഓഫീസ്
ശ്രീ. അബ്ദുൾ ജബ്ബാർ, മുൻ യു.ഡി.ക്ലാർക്ക്,കോഴിക്കോട് നഗരസഭ } (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ